**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

**സർക്കുലർ 20/2025**

## മാർ പോൾ ചിറ്റിലപ്പിള്ളി അനുസ്മരണം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

താമരശ്ശേരി രൂപതയുടെ മൂന്നാമത്തെ മെത്രാനായിരുന്ന അഭിവന്ദ്യ പോൾ ചിറ്റിലപ്പിള്ളി പിതാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് സെപ്റ്റംബർ 6 ന് അഞ്ച് വർഷം പൂർത്തിയാകുകയാണ്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ വിശ്വാസ തീക്ഷ്ണതയിൽ ജ്വലിച്ച് പതിമൂന്ന് വർഷക്കാലം രൂപതയ്ക്കും നാടിനും പ്രകാശം പകർന്ന പോൾ ചിറ്റിലപ്പിള്ളി പിതാവിനെ പ്രത്യേകമായി സ്മരിക്കാനും കൃതജ്ഞത നിറഞ്ഞ മനസ്സോടെ പ്രാർത്ഥിക്കാനും നാം കടപ്പെട്ടിരിക്കുന്നു.

വിട്ടുവീഴ്ചയില്ലാത്ത വിശ്വാസശീലങ്ങളും കലർപ്പില്ലാത്ത കഠിനാധ്വാനവും പ്രാർത്ഥനകൊണ്ട് ആർജിച്ച സുചിന്തിതമായ നിശ്ചയങ്ങളും എല്ലാവരേയും ഉൾക്കൊള്ളുന്ന ഹൃദയവിശാലതയും പോൾ പിതാവിന്റെ പ്രത്യേകതകളായിരുന്നു. തികച്ചും അപരിചിതമായിരുന്ന താമരശ്ശേരി രൂപതയെ സുപരിചിതമാക്കുന്ന ഇടയയാത്രകളും ഇടപെടലുകളുമാണ് അദ്ദേഹം നടത്തിയത്. ചലനാത്മകവും അനുഗ്രഹീതമായ പതിമൂന്ന് സഫലവർഷങ്ങളുടെ ഗുണഫലങ്ങൾ സ്വീകരിച്ച നാം ദൈവത്തോടും സഭയോടും നമ്മുടെ പ്രിയപ്പെട്ട ചിറ്റിലപ്പിള്ളി പിതാവിനോടും കടപ്പെട്ടിരിക്കുന്നു. അഭിവന്ദ്യ പിതാവ് നൽകിയ വിശ്വാസ ദർശനങ്ങളെയും മാനുഷിക മൂല്യങ്ങളെയും നമുക്ക് ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തുകയും പിതാവിലൂടെ രൂപതയ്ക്ക് ലഭിച്ച എല്ലാ അനുഗ്രഹങ്ങളെയും ഓർത്ത് ദൈവത്തിന് നന്ദിപറയുകയും ചെയ്യാം.

ചിറ്റിലപ്പിള്ളി പിതാവിന്റെ മരണവാർഷികദിനമായ സെപ്റ്റംബർ 6ന് പിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്ന താമരശ്ശേരി മേരിമാതാ കത്തീഡ്രലിൽ വച്ച് രാവിലെ 10.30 മണിക്ക് വി. കുർബാനയും അനുസ്മരണശുശ്രൂഷകളും ക്രമീകരിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലേതുപോലെ, അന്ന് നടക്കുന്ന അനുസ്മരണ ബലിയിലും മറ്റ് തിരുക്കർമ്മങ്ങളിലും ബഹു. വൈദികരും സിസ്റ്റേഴ്സും ഇടവക പ്രതിനിധികളും സംബന്ധിക്കേണ്ടതാണ്. സെപ്റ്റംബർ 6 നോ, അതിനടുത്ത ദിവസങ്ങളിലോ നമ്മുടെ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും അഭിവന്ദ്യ പോൾ പിതാവിനെ അനുസ്മരിച്ചുകൊണ്ടുള്ള പ്രാർഥനകൾ നടത്തണമെന്നും സാധിക്കുന്നവരെല്ലാവരും അതിൽ പങ്കെടുക്കണമെന്നും ഞാൻ സ്നേഹപൂർവം അഭ്യർഥിക്കുന്നു.

അഭിവന്ദ്യ ചിറ്റിലപ്പിള്ളി പിതാവിന്റെ ദീപ്തസ്മരണകൾക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ദൈവസന്നിധിയിൽ പിതാവിനുവേണ്ടി പ്രാർഥിച്ചുകൊണ്ടും,

ഈശോയിൽ സ്നേഹപൂർവം,

✠**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

---

*ഈ സർക്കുലർ 2025 ആഗസ്റ്റ് 31-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.*

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.thamarasserydiocese.com
Email : remigiusm@hotmail.com, diocesetmy09@gmail.com